# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3663. 17.10. 2011-ൽ മറുപടിയ്ക്ക്

## ഡ്രഗ്സ് കൺട്രോൾ ഉപദേശക സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ .കോവൂർ കുഞ്ഞുമോൻ. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ രംഗത്ത് ഉപദേശക സമിതികൾ നിലവിലുണ്ടോ; | (എ) കേന്ദ്ര ഗവൺമെന്റ് ആകട് ആയ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ്1945 എന്നിവ പ്രകാരം കേന്ദ്ര സർക്കാരിന്റെ അധികാരത്തിൽ ഡ്രഗ് ടെക്നിക്കൽ അഡ്വൈസറി ബോർഡ് (ഡിറ്റിഎബി) രൂപീകരിച്ചിട്ടുണ്ട്.<br><br>ഈ ഉപദേശക സമിതിയാണ് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ആക്ട് നടപ്പിലാക്കുന്നതിന് വേണ്ട ഉപദേശങ്ങൾ കാലാകാലങ്ങളിൽ നൽകുന്നത്. ഈ സമിതിയിൽ താഴെ പ്പറയുന്ന അംഗങ്ങളാണുള്ളത്.<br>1 ചെയർമാൻ, ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ്.<br>2 ഡ്രഗ്സ് കൺ ട്രോളർ ജനറൽ ഓഫ് ഇൻഡ്യ<br>3 ഡയറക്ടർ ഓഫ് സെൻട്രൽ ഹെൽത്ത് ലാബോറട്ടി,കൽക്കട്ട<br>4. ഡയറക്ടർ ഓഫ് സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കസോളി<br>5 ഡയറക്ടർ ഓഫ് ഇൻഡ്യൻ വെറ്റിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്<br>6 പ്രസിഡന്റ്,മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ.<br>7 പ്രസിഡന്റ്,ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യ.<br>8. ഡയറക്ടർ ഓഫ് ഇൻഡ്യൻ വെറ്റിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,ലക്നൗ<br>9. കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചാർജ്ജുള്ള രണ്ടു പേർ.<br><br>10. ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുക്കുന്ന ഒരാൾ(ഏതെങ്കിലും |

തിരഞ്ഞെടുക്കുന്ന ഒരാൾ(ഏതെങ്കിലും സർവകലാശാലയുടെ കീഴിലുള്ള ഫാർമസിയിലെ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലെ,ഫാർമകോഗ്നോസിയിലെ അദ്ധ്യാപകർ)

11 ഏതെങ്കിലും സർവകലാശാലയുടെ കീഴിലുള്ള മെഡിസിൻ/തെറാപ്യൂട്ടിക്സ് വിഭാഗത്തിലെ അദ്ധ്യാപകനെ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുത്തത്.

12. മരുന്നു നിർമ്മാണ വ്യവസായത്തിലെ ഒരു വ്യക്തിയെ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്തത്.

13;ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ ഗവേണിംഗ് ബോഡി തിരഞ്ഞെടുത്ത ഒരു ഫാർമക്കോളജിസ്റ്റ്

14.സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ തിരഞ്ഞെടുത്ത വ്യക്തി.

15 കൗൺസിൽ ഓഫ് ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ തിരഞ്ഞെടുത്ത ഒരു വ്യക്തി.

16.കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നോട്ടിഫൈഡ് ഗവൺമെന്റിന്റെ അനലിസ്റ്റായ രണ്ടു വ്യക്തികൾ.

(ബി) എങ്കിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള സമിതികളുടെ ഘടന വ്യക്തമാക്കുമോ;

(ബി) മരുന്നു വ്യാപാര നിയന്ത്രണത്തിനായി ഒരു സംസ്ഥാന തല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് മന്ത്രി ചെയർമാനും ഡ്രഗ്സ് കൺട്രോളർ കൺവീനറുമായിട്ടുള്ള ഈ സമിതിയിൽ ആരോഗ്യ രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്നു. (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

(സി) പ്രസ്തുത സമിതികളുടെ പ്രവർത്തനവും അധികാരങ്ങളും .വ്യക്തമാക്കുമോ?

(സി) പ്രസ്തുത സമിതി 03.06.2009, 20.01.2010 എന്നീ തീയതികളിൽ യോഗം ചേർന്നു. ഉപദേശക സമിതിയാകയാൽ അധികാരങ്ങൾ നിർവചിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.